LIBRARY ARCHIVES Kerala Legislative Assembly

## വൈദ്യസഹായം

* 782. [35] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്ത് വൈദ്യസഹായം നൽകേണ്ടതിനെ സംബന്ധിച്ച് ഗവണ്മെന്റിനു വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനു നിയുക്തമായ റേഷനലൈസേഷൻ കമ്മിറ്റിയുടെ റിപ്പോർട്ട് ഗവണ്മെന്റിലേക്ക് സമർപ്പിച്ചോ ;

(ബി) ഉണ്ടെങ്കിൽ എന്ന് ;

(സി) റിപ്പോർട്ടിൽ പറയുന്ന പ്രധാനസംഗതികൾ എന്തെല്ലാം;

(ഡി) കമ്മിറ്റിയുടെ റിപ്പോർട്ട് ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ടോ ;

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) പ്രസ്തുത റിപ്പോർട്ട് ഗവണ്മെന്റിലേക്ക് സമർപ്പിച്ചു കഴിഞ്ഞു.

(ബി) ആഗസ്റ്റ് അന്ത്യവാരത്തിൽ. (22-8-1955-ൽ.)

(സി) റിപ്പോർട്ടിൽ പറയുന്ന പ്രധാന സംഗതികൾ അടങ്ങിയ ഒരു * സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ഡി) റിപ്പോർട്ട് ഗവണ്മെന്റിന്റെ പര്യാലോചനയിലിരിക്കുകയാണ്.

## വില്ലേജ് കോടതികളുടെ ഡീലിമിറ്റേഷൻ.

* 783. [59] ശ്രീ. എം. എ. ആൻറണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ് കോടതികളുടെ ഡീലിമിറ്റേഷൻ എല്ലാം പൂർത്തിയായോ;

(ബി) അവ എന്നത്തേയ്ക്ക് പ്രവർത്തനം തുടങ്ങും?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) സമീപഭാവിയിൽ.

## ബഡ്ജറ്റിൽ കൊള്ളിച്ചിരുന്ന പണികൾ.

* 784. [61] ശ്രീ. കെ. എ. ബാലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

കഴിഞ്ഞബഡ്ജറ്റിൽ കൊള്ളിച്ചിരുന്ന എത്ര പണികൾ പൂർത്തിയാകാതെയും ആരംഭിക്കാതെയും കിടപ്പുണ്ട്, അവ ഏതെല്ലാം, എന്തുകൊണ്ട് ;

* Please see appendix VIII.

# APPENDIX VIII

*[Please see answer to question No.* 782 (35) posted for answer on 6-10-1955].*

(എ 1) ഒരു സ്ഥലത്തു് ഒരു ഡിസ്പെൻസറി അനുവദിക്കുന്നതിൽ ഏറ്റവും അടുത്തുള്ള ഗവണ്മെൻറ് വക ആധുനിക വൈദ്യസ്ഥാപനത്തിൽ നിന്നു് ആ സ്ഥലത്തേക്കു് അഞ്ചു മൈൽ ദൂരമെങ്കിലും ഉണ്ടായിരിക്കണം. അതു് 20,000-ൽ കുറയാതെയുള്ള ജനങ്ങൾക്കു് പ്രയോജനപ്പെടണം. കഴിയുന്നിടത്തോളം മദ്ധ്യപ്രദേശത്തുതന്നെ ഡിസ്പെൻസറി സ്ഥിതിചെയ്യണം. സ്ഥലവും കെട്ടിടങ്ങളും, ഉപകരണങ്ങളും സൗജന്യമായി പൊതുജനങ്ങൾ കൊടുക്കുകയും വേണം.

(2) താലൂക്കുകളുടെ മുഖ്യസ്ഥാനങ്ങളിൽ താലൂക്കു് ആശുപത്രികളും, ഡിസ്ട്രിക്ടുകളുടെ മുഖ്യസ്ഥാനങ്ങളിൽ ഡിസ്ട്രിക്ടു് ആശുപത്രികളും ഉണ്ടായിരിക്കണം.

(3) രണ്ടു് ആയുർവ്വേദസ്ഥാപനങ്ങൾ തമ്മിൽ തീരെ കുറഞ്ഞതു് (5) അഞ്ചു് മൈൽ ദൂരവും, ഒരു ആധുനിക വൈദ്യസ്ഥാപനത്തിൽനിന്നു് തീരെ കുറഞ്ഞതു് രണ്ടു് മൈൽ ദൂരവും ഉണ്ടായിരിക്കണം. ആധുനിക വൈദ്യസ്ഥാപനങ്ങളുടെ കാര്യത്തിലെന്നപോലെ ആയുർവ്വേദത്തിനും താലൂക്കു് ആശുപത്രികളും, ഡിസ്ട്രിക്ടു് ആശുപത്രികളും ഉണ്ടായിരിക്കണം.

(ബി) എല്ലാ ഡിസ്പെൻസറികളിലുമുള്ള ഉദ്യോഗസ്ഥഗണത്തിനു് താമസസ്ഥലങ്ങൾ നൽകണം.

(സി) കൂടുതലായി ഏതെങ്കിലും സ്ഥാപനങ്ങൾക്കു് ഗ്രാൻറ്-ഇൻ-എയിഡു് നൽകേണ്ട ആവശ്യമില്ലാത്തതും, ഈ ഗ്രാൻറ്-ഇൻ-എയിഡു് സ്ഥാപനങ്ങൾക്കു് സമീപത്തു് ഗവണ്മെൻറ് ഡിസ്പെൻസറികൾ തുറക്കുമ്പോൾ ഇപ്പോൾ നൽകിവരുന്ന ഗ്രാൻറ് ക്രമേണ നിറുത്തൽചെയ്യാവുന്നതുമാണു്.

(ഡി) മെഡിക്കൽ ആഫീസറന്മാർ, മിഡ്വൈഫുകൾ, കമ്പൗണ്ടറന്മാർ, നഴ്സുകൾ ഇവരുടെ നിലവിലുള്ള സംഖ്യയുടെ ഏഴു് ശതമാനം വച്ചു് ലീവു് റിസർവു് കൂടുതലായി അനുവദിക്കേണ്ടതാണു്.

(ഇ) മെഡിക്കൽ ആഫീസറന്മാർക്കു് ഉയർന്ന ശമ്പളം നൽകേണ്ടതും, പ്രൈവറ്റു് പ്രാക്ടീസു് തടയേണ്ടതുമാണു്.

(എഫ്) ആധുനിക വൈദ്യസ്ഥാപനങ്ങളിൽ ഇൻപേഷ്യൻറുകളായി ചികിത്സയിലിരിക്കുന്ന സമ്പന്നരായ രോഗികളിൽനിന്നും ഉയർന്ന നിരക്കിൽ ഫീസു് ഈടാക്കണം.

(ജി) പരീക്ഷായോഗ്യതയുള്ള ചികിത്സകരുടെ ഇപ്പോഴത്തെ ദുർലഭ്യം കാരണം ഗവണ്മെൻറുവക ആധുനിക ആശുപത്രികളിൽ ആദ്യം മെഡിക്കൽ ആഫീസറന്മാരെ നിയമിക്കാവുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

## APPENDIX VIII—(*contd.*)

(എച്ച്) 1) മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽ മരുന്നും വാങ്ങുന്നതിനുള്ള ചെലവും ഇക ചികിത്സിക്കുന്ന ഓരോ രോഗിക്കും ശരാശരി കണക്കാക്കേണ്ടതാണ്. (അതായത്, കഴിഞ്ഞ വർഷത്തിൽ ചികിത്സിച്ച രോഗികളുടെ ആകെ എണ്ണത്തിനു തുല്യമായി)

(2) എല്ലാ ഡിസ്ട്രിക്ടുകളുടേയും പ്രധാനങ്ങളിൽ ഡിസ്ട്രിക്ട് മെഡിക്കൽ സ്റ്റോർ തുറക്കേണ്ടതാണ്.

(ഐ) ഓരോ പഞ്ചായത്തിലും പ്രസവകേന്ദ്രം ഉണ്ടായിരിക്കണം.

(ജെ) മൂന്ന് ക്ഷയരോഗാശുപത്രികൾ കൂടി തുറക്കേണ്ടതാണ്. വലിയ വ്യവസായകേന്ദ്രങ്ങളുടെ സമീപം കൂടുതൽ ക്ലിനിക്കുകൾ തുറക്കണം.

(കെ) ആശുപത്രികളിലും, ഡിസ്പെൻസറികളിലും പ്രത്യേകവിഭാഗങ്ങളിലായി കുഷ്ഠരോഗക്ലിനിക്കുകൾ സ്ഥാപിക്കാവുന്നതാണ്.

(എൽ) പേപ്പട്ടിക്കടിക്കുള്ള ചികിത്സ എല്ലാ ആധുനിക ചികിത്സാലയങ്ങളിലും ചെയ്തു നൽകാവുന്നതാണ്.

(എം) താലൂക്കുകളിലെ ആധുനിക ചികിത്സാലയങ്ങൾ സെക്കണ്ടറി ആരോഗ്യകേന്ദ്രങ്ങളായും, ഡിസ്പെൻസറികൾ പ്രൈമറി ഹെൽത്ത് യൂണിറ്റുകളായും ക്രമേണ രൂപാന്തരപ്പെടുത്തുന്നതിന് സാദ്ധ്യമാകുംവണ്ണം ആവശ്യമുള്ള ഹെൽത്ത് ഉദ്യോഗസ്ഥന്മാരെ പരിശീലിപ്പിച്ചെടുക്കേണ്ടതാണ്.

(എൻ) എല്ലാ ആശുപത്രികൾക്കും, ഡിസ്പെൻസറികൾക്കും ടെലഫോൺ കണക്ഷൻ കൊടുക്കണം.

(2) നല്ല വില്ലേജ് റോഡുകൾ ഉണ്ടാക്കണം.

(3) അസിസ്റ്റൻറ് സർജന്മാരായി നിയമിക്കപ്പെടുന്നതിനുള്ള എല്ലാ ഉദ്യോഗാർത്ഥികളും എങ്കിലും പ്രധാന ആശുപത്രികളിൽ ഒരു വർഷത്തെ ഹൗസ് സർജൻസി പരിശീലിക്കേണ്ടതാകുന്നു. ഗ്രാമപ്രദേശങ്ങളിൽ നിയമിക്കുന്നതിനു മുൻപായി ഒരു പ്രധാന ആശുപത്രിയിൽ പിന്നീട് അവർ 3 വർഷക്കാലം ജോലി നോക്കുകയും വേണം.

(4) ആശുപത്രികളിലും, ഡിസ്പെൻസറികളിലും കിടക്കുന്ന രോഗികൾ അവരവരുടെ ശരിയായ വരുമാനം അറിയിക്കേണ്ടതാണ്. സംശയമുള്ള കാരണങ്ങളിൽ റവന്യൂ ഡിപ്പാർട്ടുമെന്റ് മുതലായതു മുഖേന ഇതിനെപ്പറ്റി അന്വേഷണം നടത്താവുന്നതാണ്. ഇതു നിയമനിർമ്മാണം മുഖേന നടപ്പിൽ വരുത്തണം.

(5) നഴ്സിംഗ് പദവിയിലുള്ള സാധാരണ സെക്രട്ടറിമാരെ പ്രധാന ആശുപത്രികളിൽ നിയമിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly